## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2739 10.12.2014-ൽ മറുപടിക്ക്**

**ജലവിഭവ വകുപ്പിൽ ERP സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള കരാർ**

| ചോദ്യം<br>ശ്രീ.കെ.കെ.നാരായണൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ. ജലവിഭവ വകുപ്പിൽ ERP സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് കരാർ കൊടുത്തത് ഏത് കമ്പനി ക്കാണെന്ന് വ്യക്തമാക്കാമോ ; | എ. കേരള ജല അതോറിറ്റിയിൽ ഇ.ആർ.പി. സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് കരാർ കൊടുത്തത് Bahwan CyberTek PVT Limited എന്ന കമ്പനിക്കാണ്. |
| ബി. ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്പനിക്ക് വാട്ടർ അതോറിറ്റി വർഷം തോറും എത്ര രൂപ ലൈസൻസ് തുകയായി നൽകാൻ ധാരണയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | ബി. Bahwan CyberTek PVT Limited എന്ന കമ്പനിക്ക് ഇ.ആർ. പി. പ്രവർത്തികൾ അവാർഡ് ചെയ്തിരിക്കുന്നത് ലൈസൻസ് തുകയും കൂടി ചേർത്തിട്ടാണ്. 19.5 കോടി രൂപയ്ക്കാണ് ഇ.ആർ.പി. അവാർഡ് ചെയ്തിരിക്കുന്നത്. |
| സി. സ്വതന്ത്ര സോഫ്റ്റ് വെയർ മുഖേന ഈ പദ്ധതി നടപ്പിലാക്കാൻ കമ്പനികൾ ഉണ്ടായിട്ടും എന്തടിസ്ഥാന ത്തിലാണ് ഇത്രയും കടിയതുകയ്ക്ക് ഭാവിയിൽ വൻ ബാധ്യതകൾ വരുന്ന ഈ കരാറിൽ ഏർ പ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | സി. സ്വതന്ത്ര സോഫ്റ്റ് വെയർ കമ്പനിക്കാർക്കും പ്രൊപ്രൈറ്ററി സോഫ്റ്റ് വെയർ കമ്പനിക്കാർക്കും പങ്കെടുക്കാവുന്ന തരത്തിൽ local competative bidding വഴിയാണ് ഇ.ആർ.പി. സോഫ്റ്റ് വെയർ ചെയ്യുന്നതിന് വേണ്ടി ടെണ്ടർ നടത്തിയത്. പങ്കെടുത്ത 7 കമ്പനികളിൽ സ്വതന്ത്ര സോഫ്റ്റ് വെയർ കമ്പനിയും ഉൾ പ്പെട്ടിരുന്നു. എന്നാൽ യോഗ്യത നേടിയവരിൽ സ്വതന്ത്ര സോഫ്റ്റ് വെയർ കമ്പനികൾ ഉണ്ടായിരുന്നില്ല. യോഗ്യത നേടിയ കമ്പനികളിൽ ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം |

| | | | |
|---|---|---|---|
| | | | ചെയ്തത് M/s.Bahwan CyberTek PVT Limited എന്ന കമ്പനി യാണ്. |
| ഡി. | കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ ? | ഡി | M/s.Bahwan CyberTek PVT Limited എന്ന ചെന്നൈയിലുള്ള കമ്പനിക്കാണ് ഇ.ആർ.പി. (എന്റർ പ്രൈസ് റിസോഴ്സ് പ്ലാനിംഗ്) പദ്ധതി കരാർ നൽകിയിരിക്കുന്നത്. ഈ പദ്ധതിയുടെ അടങ്കൽതുക 19.5 കോടി രൂപയാണ്. കരാർ പ്രകാരം ഈ പ്രവൃത്തികൾ 2015 മെയ് മാസത്തോടു കൂടി തീർക്കേണ്ടതാണ്. |

(signature)

സെക്ഷൻ ഓഫീസർ